**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5239** **21-07-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ അപ്രൂവലുകൾ, പ്രൊമോഷനുകൾ എന്നിവയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കോളേജ് മാനേജ്.മെന്റ്, അപ്രൂവൽ/പ്രൊമോഷൻ പ്രൊപ്പോസലുകൾ കൃത്യമായി സമർപ്പിക്കാത്തതിനാലും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, സർക്കാർ ഉത്തരവ്, സീനിയോറിറ്റി എന്നിവ പാലിക്കാതെ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനാലും തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിലെ അപ്രൂവൽ, പ്രൊമോഷൻ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 14/09/2021, 16/04/2022 തിയതികളിലെ ഇ1/38691/2020 നമ്പരായ സർക്കുലർ പ്രകാരം അപ്രൂവൽ/പ്രമോഷൻ, എന്നിവയ്ക്കുള്ള പ്രൊപ്പോസലിനോടൊപ്പം ലഭ്യമാക്കേണ്ട രേഖകൾ സംബന്ധിച്ച് എല്ലാ എയ്ഡഡ് കോളേജുകൾക്കും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ലഭ്യമാക്കുന്ന പ്രൊപ്പോസലുകളിൽ കാലതാമസം കൂടാതെ അംഗീകാരം നൽകുവാൻ സാധിക്കുന്നുണ്ട്. |
| (സി) | 2010 മുതൽ നാളിതുവരെ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ അപ്രൂവലുകളും പ്രൊമോഷനുകളും പട്ടിക തിരിച്ച് ലഭ്യമാക്കാമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ